പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3678 25.06.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി നോട്ടിഫൈഡ് റൂട്ടിൽ സ്വകാര്യ സർവ്വീസ്

ചോദ്യം

ശ്രീ. എം. വി. ശ്രേയാംസ്കുമാർ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വയനാട് ജില്ലയിൽ കെ.എസ്.ആർ. ടി.സി നോട്ടിഫൈഡ് റൂട്ടിൽ സ്വകാര്യബസുകൾ സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരക്കാർക്കെതിരെ കർശന നടപടി കൈക്കൊണ്ടുവരികയും ഇങ്ങനെ എടുത്ത നടപടികളുടെ വിശദ വിവരം പൊതുജനശ്രദ്ധയ്ക്കായി പത്രങ്ങളിൽ നൽകുകയും ചെയ്തിട്ടുണ്ട്. അടുത്തയിടെ നടത്തിയ പരിശോധനയിൽ 20 കേസ്സുകൾ കണ്ടുപിടിക്കുകയും ആയതിന്റെ നടപടിയെന്നവണ്ണം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി ബോർഡിൽ വെച്ച് പെർമിറ്റ് റദ്ദ് ചെയ്യുന്നതിന്റെ നടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (ബി) | ഇതുമൂലം കെ.എസ്.ആർ.ടി.സി. യുടെ വരുമാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. ഇതുമൂലം കെ.എസ്.ആർ.ടി.സി.ക്ക് ലക്ഷക്കണക്കിന് രൂപയുടെ വരുമാനക്കുറവ് ഉണ്ടാകുന്നുണ്ട്. 09.11.2011 ൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ ടി റൂട്ടുകളിൽ മിന്നൽ പരിശോധന നടത്തിയിരുന്നു. അന്ന് സ്വകാര്യ ബസ്സുകൾക്ക് അവർക്ക് അനുവദിച്ച റൂട്ടിലൂടെ മാത്രമേ സർവ്വീസ് നടത്തുവാൻ കഴിഞ്ഞിരുന്നുള്ളൂ. അന്ന് സുൽത്താൻ ബത്തേരി ഡിപ്പോയ്ക്ക് മാത്രം രണ്ട് ലക്ഷത്തിലധികം രൂപയുടെ വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) | റൂട്ട് മാറി ഓടുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ